146 (1506) ക്യാൻസർ രോഗികൾക്കുള്ള ചികിത്സാ കേന്ദ്രങ്ങൾ

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്യാൻസർ രോഗികളുടെ വർദ്ധനവിനെക്കുറിച്ച് പഠിക്കാൻ സർക്കാർ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ക്യാൻസർ രോഗികൾക്ക് ഇന്ന് സംസ്ഥാനത്തുള്ള പ്രധാന ചികിത്സാ കേന്ദ്രങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ മാതൃകയിൽ ഒരെണ്ണം മലബാർ മേഖലയിലും അനുവദിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റീജിയണൽ ക്യാൻസർ സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന കരുനാഗപ്പള്ളി നാച്ചറൽ ബാക്ക് ഗ്രൗണ്ട് റേഡിയേഷൻ രജിസ്ട്രി പ്രോജക്ട്, തിരുവനന്തപുരത്തുള്ള പോപ്പുലേഷൻ ബേസ്ഡ് ക്യാൻസർ രജിസ്ട്രി പ്രോജക്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ജനസംഖ്യാടിസ്ഥാനത്തിൽ പഠനം നടത്തി ക്യാൻസർ രോഗികളുടെ സ്ഥിതിവിവര കണക്ക് ശേഖരിക്കുന്നുണ്ട്.

(സി) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ, ആലപ്പുഴ, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകൾ, തൃശ്ശൂരിലുള്ള അമലാ ക്യാൻസർ റിസർച്ച് സെന്റർ, എറണാകുളം ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ക്യാൻസർ ചികിത്സയ്ക്കുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. കൂടാതെ കൊല്ലം ജില്ലാ ആശുപത്രി, കരുനാഗപ്പള്ളി നാച്ചറൽ ബാക്ക് ഗ്രൗണ്ട് റേഡിയേഷൻ രജിസ്ട്രി പ്രോജക്ട്, ഷേർളി ക്യാൻസർ ഡിറ്റക്ഷൻ സെന്റർ, എറണാകുളം, പാലക്കാട് എന്നിവിടങ്ങളിലും ക്യാൻസർ രോഗം മുൻകൂട്ടി കണ്ടുപിടിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ട്. പത്തനംതിട്ട ജില്ലയിലുള്ള കോഴഞ്ചേരി താലൂക്കാശുപത്രിയിലും ക്യാൻസർ ചികിത്സ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇക്കാര്യം പരിഗണിക്കുന്നതാണ്.

147 (1507) എയ്ഡ്സ് രോഗംമൂലം മരണപ്പെട്ടവർ

ശ്രീ. എം.വി. ഗോവിന്ദൻമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-ൽ കേരളത്തിൽ എത്രപേർ എയ്ഡ്സ് രോഗംമൂലം മരണപ്പെട്ടിട്ടുണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) രോഗബാധിതരായി എത്രപേർ ഉണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly